**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരനായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.കെ.രാജീവ് പത്തനംതിട്ട ജില്ലയിലെ സർവീസ് സഹകരണ സംഘം ഭരണസമിതിയിലേക്കു തിരഞ്ഞെടുപ്പിൽ മത്സരിച്ച നടപടി സാധൂകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2452/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.11.2019

പരാമർശം : 1. ശ്രീ. രാജീവ് കെ സമർപ്പിച്ച 29.12.2018 തീയതിയിലെ അപേക്ഷ.
2. നഗരകാര്യ ഡയറക്ടറുടെ 28.01.2019 തിയതിയിലെ ഇ 5- 400/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചങ്ങനാശ്ശേരി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ശ്രീ.കെ. രാജീവ് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ തെള്ളിയൂർ സഹകരണസംഘം ഭരണസമിതിയിലേക്ക് ഫെബ്രുവരി 10 ന് നടക്കുന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്, 1960 ലെ കേരളഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾ (The Government servants Conduct Rules) പ്രകാരം അനുമതി നൽകുന്നതിനായി ടിയാൾ നഗരസഭാസെക്രട്ടറി മുഖേന സമർപ്പിച്ച അപേക്ഷ പരാമർശം 2 കത്ത് പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. കൂടാതെ തെള്ളിയൂർ സഹകരണസംഘം സഹകരണനിയമങ്ങൾക്ക് വിധേയമായി ഭാഗികമായി സർക്കാർ ജീവനക്കാർ അംഗങ്ങളായി പ്രവർത്തിക്കുന്ന സംഘമാണെന്ന് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം നിലവിൽ ശ്രീ. രാജീവൻ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ തെള്ളിയൂർ സഹകരണസംഘം ഭരണസമിതിയിലേക്കുള്ള നടന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും വിജയിക്കുകയും ചെയ്തിട്ടുള്ളതായും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസിന്റെ (Kerala Government Servants Conduct Rules) ചട്ടം 48 ന്റെ നിബന്ധനകൾക്കു വിധേയമായി, മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരനായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.കെ. രാജീവ് പത്തനംതിട്ട ജില്ലയിലെ സർവീസ് സഹകരണ സംഘം ഭരണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**
അഡീഷണൽ സെക്രട്ടറി

പകർപ്പ്-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ . കെ രാജീവ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ചങ്ങനാശ്ശേരി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ